**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in. ഫോൺ: 0471-2304481

നം: ADFW/6636/2023-TV1

തീയതി:09-07-2023

## ക്വട്ടേഷൻ നോട്ടീസ്

കൃഷി വകുപ്പിന്റെ 2022 ലെ സംസ്ഥാനതല കർഷക അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഫീൽഡ് സന്ദർശനവുമായി ബന്ധപ്പെട്ട വിവിധ ജില്ലകളിലെ കർഷകരുടെ കൃഷി സ്ഥലങ്ങളുടെയും കൃഷി രീതികളുടെയും ഏകദേശം 1 0 ദിവസം നീണ്ട നിൽക്കുന്ന വീഡിയോ ചിത്രീകരണത്തിനും, വീഡിയോ ചിത്രീകരണത്തിന്റെ എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡിവിഡി റൈറ്റിംഗ്, പശ്ചാത്തല സംഗീതം തുടങ്ങിയ മുഴുവൻ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കും, പരിചയ സമ്പന്നരായ വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. വീഡിയോ ചിത്രീകരണത്തിന് ആവശ്യമായ എല്ലാ ചെലവുകളും ചേർത്ത് ഒരു ദിവസത്തെ റേറ്റ് ആണ് നൽകേണ്ടത്.

2. ചിത്രീകരണത്തിനു ശേഷം എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡിവിഡി റൈറ്റിംഗ്, പശ്ചാത്തല സംഗീതം തുടങ്ങിയ മുഴുവൻ വീഡിയോ-പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കും ആവശ്യമായ ആകെത്തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

3. റേറ്റുകൾ 31.03.2024 വരെ മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്.

ക്വട്ടേഷനുകൾ 15.07.2023, 03:00 PMനു മുമ്പായി കൃഷിഡയറക്ടർ, കൃഷിഡയറക്ടറേറ്റ്, വികാസ് ഭവൻ,തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കവറിന് മുകളിൽ "സംസ്ഥാന കർഷക അവാർ ഡ് 2022 വീഡിയോ കവറേജിനും, പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കുമുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. അന്നേദിവസം 3.30 PM ന് ലഭിച്ച ക്വട്ടേഷനുകൾ, ഹാജരായ ഉടമയുടെയോ, ദർഘാസുകാരുടെയോ അവരുടെ സാക്ഷ്യപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, കാരണം കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം കൃഷിഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

### നിബന്ധനകൾ

1. കൃഷിഡയറക്ടറുടെയോ, അവാർഡ് നിർണ്ണയ കമ്മിറ്റി തലവന്റെയോ നിർദ്ദേശപ്രകാരം വീഡിയോ ചിത്രീകരണം നടത്തേണ്ടതാണ്.

2. ചിത്രീകരണം പൂർത്തിയാക്കി, എഡിറ്റിംഗ് മുതലായവ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കി ആയതിന്റെ സിഡി നൽകിയിരിക്കണം.

3. വിവിധ ജില്ലകളിലെ അവാർഡ് നിർണ്ണയ കമ്മിറ്റിയോടൊപ്പം തന്നെ വീഡിയോഗ്രാഫർ സഞ്ചരിക്കേണ്ടതാണ്. എന്നാൽ പ്രത്യേകം വാഹനം അനുവദിക്കുന്നതല്ല. ഒന്നിലധികം കമ്മിറ്റികൾ ഒരേ സമയം ഫീൽഡ് സന്ദർശനം നടത്തുന്ന സാഹചര്യത്തിൽ വ്യത്യസ്ത വീഡിയോഗ്രാഫർമാർ ഓരോ കമ്മിറ്റിയോടൊപ്പം സഞ്ചരിച്ച് ചിത്രീകരണം നടത്തേണ്ടതാണ്.

4. വർക്ക് ഓർഡർ ലഭിക്കുന്നവർ അപേക്ഷകന്റെ ഫോട്ടോ പ്രത്യേകമായി എടുത്ത് നൽകുകയും കൃഷി ഇടത്തിന്റേയും ഇന്റർവ്യൂവിന്റെയും വീഡിയോ ചിത്രീകരണം നടത്തേണ്ടതുമാണ്. HD കാമറ ഉപയോഗിച്ച് ചിത്രീകരണം നടത്തിയ 4 മിനിറ്റ് ദൈർഘ്യമുള്ള byte ഉൾ പ്പെടെയുള്ള വീഡിയോ (FINAL OUT) സിഡി/ USB തയ്യാറാക്കി നൽകേണ്ടതാണ്

5. പോസ്റ്റ് പ്രൊഡക്ഷൻ ജോലികളായ എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡിവിഡി റൈറ്റിംഗ്, പശ്ചാത്തല സംഗീതം എന്നിവ അവാർഡ് കമ്മിറ്റിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.

6. വീഡിയോ ചിത്രീകരണം തുടർച്ചയായും പിന്നീട് ഇനം തിരിച്ചുള്ള അവാർഡ് ജേതാക്കളുടെ മാത്രം പ്രത്യേകമായും പ്രോസസ്സ് ചെയ്യേണ്ടതാണ്. എല്ലാ അപേക്ഷകരുടെയും Passport Size ഫോട്ടോയും തയ്യാറാക്കി നൽകേണ്ടതാണ്.

7. നോൺലീനിയർ എഡിറ്റിംഗ് ചാർജ്ജ്, ഉൾപ്പെടെ ആയിരിക്കണം ക്വോട്ട് ചെയ്യുന്ന തുക.

8. കൃഷി ഡയറക്ടറേറ്റിൽ നിന്നും അറിയിപ്പ് കിട്ടിയാലുടൻ തന്നെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ജോലികൾ ചെയ്ത് തീർക്കേണ്ടതാണ്.

9. ഒരു വീഡിയോ റെക്കോർഡിംഗ് ടീമിന്റെ കൂടെ പരമാവധി 2 പേർ മാത്രമേ പാടുള്ളൂ. അവാർഡ് കമ്മിറ്റി തലവന്റെ നിർദ്ദേശങ്ങൾ വീഡിയോ ഗ്രാഫർമാർ കർശനമായും പാലിക്കണം.

10. തൃപ്തികരമായി കൃത്യസമയത്ത് ഏർപ്പെടുത്തിയ ജോലികൾ പൂർത്തിയാക്കി അതായത് 2023 ഓഗസ്റ്റ് 5 ആം തിയതി ബന്ധപ്പെട്ട രേഖകൾ ഇ ഓഫീസിൽ കൈമാറിയിരിക്കണം.

11. സർക്കാർ ക്വട്ടേഷനുള്ള എല്ലാ മാനദണ്ഡങ്ങളും ഇതിനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

വിശ്വസ്തതയോടെ

AJAYAKUMAR S

ADDITIONAL DIRECTOR OF AGRICULTURE(EXT)

കൃഷി ഡയറക്ടർക്കുവേണ്ടി

Additional Director of Agriculture (Extension)
Directorate of Agriculture
Thiruvananthapuram-33

പകർപ്പ്:

1) ഇൻവേഡ് സെക്ഷൻ
2) നോട്ടീസ് ബോർഡ്
3) ലോക്കൽ സർക്കുലേഷൻ
4) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) പി.ഐ.ഒ. എഫ്.ഐ.ബി (വ്യാപകമായ പരസ്യത്തിന്)
6) PRD